LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ ചെലവുകൾ

3 (3) ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി, മറ്റുമന്ത്രിമാർ എന്നിവർക്ക് ടെലിഫോൺ, ചായസൽക്കാരം എന്നീ ഇനങ്ങളിൽ ഓരോ വർഷവും എന്തുതുക ചെലവായി ;

(ബി) ഏതെല്ലാം മന്ത്രിമാർ എന്തെല്ലാം ആവശ്യങ്ങൾക്കായി വിദേശയാത്ര നടത്തി ; ഈ ഇനത്തിൽ എന്തു തുക ചെലവായി ;

(സി) ഔദ്യോഗിക വസതികൾക്കുപകരം വാടകക്കെട്ടിടങ്ങളിൽ താമസിക്കുന്ന മന്ത്രിമാർ ആരെല്ലാം ;

(ഡി) ഇവർക്ക് വാടകയിനത്തിൽ ഇതുവരെ എന്തുചെലവായി ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി, മറ്റുമന്ത്രിമാർ എന്നിവർ ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. ചായ സൽക്കാരം എന്ന ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) വാടകക്കെട്ടിടങ്ങളിൽ താമസിക്കുന്ന മന്ത്രിമാരുടെ വിവരവും വാടകയിനത്തിൽ ഇവർക്ക് ചെലവായ തുകയുടെ വിവരവും ശേഖരിച്ചുവരുന്നു.

മന്ത്രിമാരുടെ ഫോൺ ചെലവ്

4 (4) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിയുടെയും ഓഫീസിലും ഔദ്യോഗിക വസതിയിലും നിയോജക മണ്ഡലത്തിലുള്ള വീട്ടിലും സ്ഥാപിച്ചിട്ടുള്ള ഫോണുകൾക്കുവേണ്ടി കാൾചാർജ്ജ് ഇനത്തിലും ഫോൺ വാടകയിനത്തിലും എത്ര തുകവീതം ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ മന്ത്രിമാർക്ക് നൽകിയിട്ടുള്ള മൊബൈൽ ഫോണിനുവേണ്ടി കാൾചാർജ്ജിനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ട് ;

(സി) ഇതുസംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിയുടെയും ഓഫീസിലും ഔദ്യോഗിക വസതിയിലും നിയോജക മണ്ഡലത്തിലുള്ള വീട്ടിലും സ്ഥാപിച്ചിട്ടുള്ള ഫോണുകൾക്കുവേണ്ടി കാൾ ചാർജ്ജ് ഇനത്തിലും ഫോൺ വാടകയിനത്തിലും ചെലവാക്കിയ തുകയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വേർതിരിച്ച കണക്ക് ലഭ്യമല്ല. പ്രസ്തുത ഫോണുകൾക്കുവേണ്ടി കാൾചാർജ്ജ് ഇനത്തിലും ഫോൺ വാടകയിനവും ഉൾപ്പെടെ ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി&സി) മൊബൈൽ കാൾചാർജ്ജ് ഉൾപ്പെടെ ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

മന്ത്രിമാരുടെ ഫോൺ, അതിഥി സൽക്കാരം എന്നിവയിലുള്ള ചെലവ്

5 (5) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ ഓരോ മന്ത്രിയുടെയും ഓഫീസിലും ഔദ്യോഗിക വസതിയിലും നിയോജകമണ്ഡലത്തിലെ വീട്ടിലും സ്ഥാപിച്ചിട്ടുള്ള ഫോണുകൾക്കുവേണ്ടി മൊത്തം എത്രതുക ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവായി ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ മന്ത്രിക്കും നൽകിയിട്ടുള്ള മൊബൈൽ ഫോണിനുവേണ്ടി കാൾചാർജ് ഇനത്തിൽ എത്രരൂപ ചെലവായി ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതുവരെ മുഖ്യമന്ത്രി, മറ്റുമന്ത്രിമാർ എന്നിവരിൽ ഓരോരുത്തരും നടത്തിയ അതിഥി സൽക്കാരത്തിനായി മൊത്തം എത്രരൂപ ചെലവഴിച്ചു ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിമാരുടെയും ഓഫീസിലും ഔദ്യോഗിക വസതിയിലും നിയോജക മണ്ഡലത്തിലുള്ള വീട്ടിലും സ്ഥാപിച്ചിട്ടുള്ള ഫോണുകൾക്കുവേണ്ടി മൊത്തം ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത കാലയളവിൽ ഓരോ മന്ത്രിക്കും നൽകിയിട്ടുള്ള മൊബൈൽ ഫോണിനുവേണ്ടി കാൾചാർജ് ഉൾപ്പെടെ ചെലവഴിച്ചതുകയുടെ വിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) അതിഥി സൽക്കാരത്തിനായി ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

മന്ത്രിമാരുടെ ചെലവുകൾ

6 (6) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ എന്നിവരുടെ ടെലിഫോൺ, മൊബൈൽ ഫോൺ എന്നീ ഇനങ്ങളിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; കണക്കുകൾ വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly